## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 534, 10/06/2014-ലെ മറുപടിക്ക്

### നെന്മാറയിൽ പുതിയ സബ്ട്രഷറി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ചെന്താമരാക്ഷൻ | ശ്രീ.കെ.എം.മാണി<br>ധനകാര്യവും, നിയമവും,<br>ഭവന നിർമ്മാണവും വകുപ്പ് മന്ത്രി |

| | | |
|---|---|---|
| (എ) | പാലക്കാട് ജില്ലയിലെ നെന്മാറയിൽ പുതിയ സബ്ട്രഷറി ആരംഭിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | ഉണ്ട്. ട്രഷറി വകുപ്പിൽ ആധുനികവത്ക്കരണത്തിന്റെയും കമ്പ്യൂട്ടർവത്ക്കരണത്തിന്റെയും ഭാഗമായി കോർബാങ്കിംഗ്, ഹൊറിസോണ്ടൽ കണക്റ്റിവിറ്റി, ഗ്രാസ് മുതലായ പല പുതിയ പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്. ഇത്തരം പദ്ധതികൾ പൂർത്തിയാകുന്ന മുറയ്ക്ക് ട്രഷറികളിലെ ജോലിഭാരം വളരെയധികം കുറയുന്നതിനും ഇടപാടുകൾ സുഗമമാകുന്നതിനും, എവിടെനിന്നും എപ്പോൾ വേണമെങ്കിലും നടത്തുന്നതിനും സാധ്യമാകുന്നതാണ്. അതിനാൽ ഇത്തരം പദ്ധതികൾ പൂർത്തിയാക്കി നിലവിലുള്ള ട്രഷറികളുടെ പ്രവർത്തനം വിലയിരുത്തിയശേഷം മാത്രം പുതിയ ട്രഷറികൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ് എന്ന തീരുമാനിച്ച സാഹചര്യത്തിൽ നെന്മാറയിൽ പുതുതായി സബ്ട്രഷറി ആരംഭിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

| | | |
|---|---|---|
| (ബി) | പെൻഷൻകാരുടെയും ഉദ്യോഗസ്ഥൻമാരുടെയും ഏറെക്കാലത്തെ ആവശ്യമായ നെന്മാറ സബ്‌ട്രഷറി ആരംഭിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; | ബാധകമല്ല |
| (സി) | പുതിയ സബ്‌ട്രഷറി അനുവദിക്കുന്നതിന് ഇനി എന്തെല്ലാം പ്രവർത്തനങ്ങളാണ് പൂർത്തീകരിക്കാനുള്ളത് എന്ന് വിശദമാക്കുമോ ? | ബാധകമല്ല |

**അക്കൗണ്ട്സ് ഓഫീസർ**